**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2025 ഫെബ്രുവരി 11, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

11(*61) <u>മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ്</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും കുടുംബ ഭദ്രത ഉറപ്പാക്കുന്നതിനായി ഫിഷറീസ് വകുപ്പ് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നുണ്ടെന്നും ഇതിന്റെ പ്രീമിയം തുക പൂർണ്ണമായും സർക്കാരാണ് വഹിക്കുന്നതെന്നും പദ്ധതിപ്രകാരം 2024-25-ൽ 226093 മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

ഉറപ്പുവരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അപകട മരണം, മത്സ്യബന്ധനവേളയിൽ അപകടംമൂലം കാണാതാകൽ, സ്ഥിരവും പൂർണ്ണവുമായ അവശത എന്നിവയ്ക്ക് 10 ലക്ഷം രൂപയും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 5 ലക്ഷം രൂപയും അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളിയുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10,000 രൂപയും 24 മണിക്കൂറിലധികം ആശുപത്രി ചികിത്സ വേണ്ടിവരുന്നവർക്ക് പരമാവധി 25,000 രൂപയും ശവസംസ്കാര ചെലവിന് 2,500 രൂപയും പദ്ധതിപ്രകാരം ധനസഹായമായി നൽകുന്നുണ്ട്. കൂടാതെ, മത്സ്യഫെഡ് മുഖേന നടപ്പാക്കുന്ന വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയിലെ അംഗങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നതാണ്. ഇത്തരത്തിൽ 2024-25-ൽ 99760 മത്സ്യത്തൊഴിലാളികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കടലിൽ വച്ച് സംഭവിക്കുന്ന സ്വാഭാവിക മരണങ്ങൾക്ക് 5 ലക്ഷം രൂപ പ്രത്യേക ധനസഹായമായി നൽകിവരുന്നുണ്ടെന്നും പുനർഗേഹം പദ്ധതിപ്രകാരം 1200-ഓളം ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണെന്നും ബ്ലൂ എക്കോണമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും 2021-24 കാലയളവിൽ 35.89 കോടി രൂപ

മത്സ്യത്തൊഴിലാളികൾക്കായി ചെലവഴിച്ചിട്ടുണ്ടെന്നും മത്സ്യ മേഖലയിൽ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികളെയും ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കി ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

12(*62) <u>ഭൂരഹിത പട്ടികവർഗക്കാരുടെ പുനരധിവാസം</u>

പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) നൽകിയ മറുപടിയിൽ, ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പാക്കുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമപ്രകാരമുള്ള ഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നിവയിലൂടെ ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിവരുന്നുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3848 പേർക്ക് 4261.47 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൂടാതെ, ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം 52.34 ഏക്കർ ഭൂമി കൂടി വിതരണം ചെയ്യുന്നതിനും 6.99 ഏക്കർ ഭൂമി വാങ്ങുന്നതിനും നടപടി സ്വീകരിക്കുകയും 27.88 കോടി രൂപ ഇതിനകം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കാത്തതും ജീർണ്ണാവസ്ഥയിലുള്ളതുമായ വീടുകളുടെ

പൂർത്തീകരണത്തിനും പുനരുദ്ധാരണത്തിനുമായി നടപ്പാക്കുന്ന SAFE (Secure Accommodation and Facility Enhancement) പദ്ധതിപ്രകാരം 2022-23-ൽ 764 വീടുകളുടെയും 2023-24-ൽ 523 വീടുകളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും 2024-25 ആദ്യ ഘട്ടത്തിൽ 3576 വീടുകളും അധികമായി 250 വീടുകളും പദ്ധതിയിലുൾപ്പെടുത്തുന്നതിന് അനുമതി നൽകുകയും പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വനാവകാശ നിയമപ്രകാരം ലഭിച്ച 2347 വ്യക്തിഗത അപേക്ഷകളിലും 280 സാമൂഹ്യ വനാവകാശ അപേക്ഷകളിലും 81 വികസന അവകാശ അപേക്ഷകളിലും തീർപ്പ് കൽപ്പിക്കാനുണ്ടെന്നും വനാവകാശ നിയമപ്രകാരം അനുവദിച്ച ഭൂമി റവന്യൂ വില്ലേജുകളാക്കി പരിവർത്തനം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 03-02-2025-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. ലാന്റ് ബാങ്ക് പദ്ധതിപ്രകാരം ഭൂമി വാങ്ങുന്നതിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഭൂരഹിതരായ 5736 പട്ടികവർഗ കുടുംബങ്ങൾക്ക് ഈ ഗവൺമെന്റിന്റെ കാലയളവിൽത്തന്നെ ഭൂമി ലഭ്യമാക്കുന്ന നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

13(*63) <u>കടൽ മണൽ ഖനനം</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, കേരളത്തിന്റെ ഓഫ്ഷോർ മേഖലയിൽ വൻതോതിൽ മണൽ നിക്ഷേപമുണ്ടെന്ന കണ്ടെത്തലിനെത്തുടർന്ന് 2002-ലെ ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡവലപ്പ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിലെ വ്യവസ്ഥകൾപ്രകാരം ധാതുവിഭവമടങ്ങുന്ന ബ്ലോക്കുകൾ ഓക്ഷൻ (ലേലം) ചെയ്യുന്നതിന് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണ മാർഗത്തെയും സാധാരണ ജനങ്ങളുടെ പോഷക സ്രോതസിനെയും ഇല്ലാതാക്കുമെന്നതിനാൽ അതുസംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കയും വിയോജിപ്പും കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മണൽ ബ്ലോക്ക് ഓക്ഷന് നിലവിൽ പരിഗണിക്കുന്ന കൊല്ലം മേഖലയിലെ 3 ബ്ലോക്കുകളിലുമായി ഏകദേശം 300 ദശലക്ഷം ടൺ മണൽ നിക്ഷേപമാണ് കണ്ടെത്തിയിട്ടുള്ളത്. മേൽ ആക്ടിലെ മാനദണ്ഡങ്ങളും വ്യവസ്ഥകളുംപ്രകാരം

ധാതുസമ്പത്തിന്റെ ഖനനത്തിലൂടെ ലഭിക്കുന്ന റോയൽറ്റി പൂർണ്ണമായും കേന്ദ്ര സർക്കാരിന് അവകാശപ്പെട്ടതാണെന്ന് മാത്രമല്ല, ഖനനമേഖല സ്വകാര്യ സ്ഥാപനങ്ങൾക്ക് തുറന്നുനൽകുകയും ചെയ്തിരിക്കുകയാണ്. ഉൾനാടൻ ജലാശയങ്ങളിലും കടലിലും അടിസ്ഥാനരേഖയിൽനിന്ന് 12 നോട്ടിക്കൽ മൈൽ വരെയുള്ള മത്സ്യബന്ധനത്തിന്റെ വികസനവും മത്സ്യബന്ധന പ്രവർത്തനങ്ങളും സംസ്ഥാന വിഷയമായതിനാൽ പ്രാദേശിക ജലാശയങ്ങളിൽ ഖനനം അനുവദിക്കാൻ ഖനി മന്ത്രാലയം നടത്തുന്ന ഇപ്പോഴത്തെ ശ്രമം സംസ്ഥാനങ്ങളുടെ അധികാരപരിധിയിലേക്കുള്ള കടന്നുകയറ്റമായതിനാൽ ആക്റ്റിലെ പോരായ്മയും പരിമിതികളും സംബന്ധിച്ച സംസ്ഥാനത്തിന്റെ വിയോജിപ്പ് കേന്ദ്രത്തെ അറിയിക്കുകയും സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഫ്ഷോർ മൈനിങ് സംബന്ധിച്ച പാരിസ്ഥിതിക വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി-യെ കേന്ദ്രസർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആഴക്കടലിലെ ധാതു ഖനനം മത്സ്യത്തൊഴിലാളികളുടെ തൊഴിലിടങ്ങൾ നഷ്ടപ്പെടുത്തുന്നതിനും

അടിത്തട്ടിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ മത്സ്യ ഉൽപാദനം ഗണ്യമായി കുറയ്ക്കുന്നതിനും ജീവജാലങ്ങളുടെ നിലനിൽപ്പിനെ ഗുരുതരമായി ബാധിക്കുന്നതിനും ഇടയാക്കുമെന്നതിനാൽ മത്സ്യത്തൊഴിലാളികൾ, ബന്ധപ്പെട്ട സംഘടനാ പ്രതിനിധികൾ എന്നിവരുമായി ദേശീയ തലത്തിൽ ഗൗരവമായ ചർച്ചകളും പ്രക്ഷോഭവും നടത്തേണ്ടത് ആവശ്യമാണെന്ന് മന്ത്രി അറിയിച്ചു. ആഴക്കടൽ മണൽ ഖനനത്തിനെതിരെ അതിശക്തമായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും ആവശ്യമെങ്കിൽ നിയമസഭയിൽ പ്രമേയം അവതരിപ്പിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുവരികയാണെന്നും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് വേമ്പനാട്ട് കായലിന്റെ നവീകരണം സാധ്യമാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

14(*64) <u>ഇറിഗേഷൻ ടൂറിസം പദ്ധതി</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടിയിൽ, പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള ടൂറിസം സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാരിന് കൂടുതൽ വരുമാനം നേടുന്നതിനുമുതകത്തക്ക വിധത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ജലവിഭവ വകുപ്പിന് കീഴിലുള്ള അണക്കെട്ടുകൾ,

മറ്റ് ജലസേചന നിർമ്മിതികൾ, അനുബന്ധ സ്ഥലങ്ങൾ എന്നിവ വിനോദസഞ്ചാര കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ബാരേജിൽ 25.412 കോടി രൂപയുടെയും പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഡാമിൽ 161.00 കോടി രൂപയുടെയും പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും ഇടുക്കി ജില്ലയിലെ കാഞ്ഞാറിൽ പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.ഐ.ഐ.ഡി.സി.) പദ്ധതികളുടെ നോഡൽ ഏജൻസിയായും അതത് ഡാമിന്റെ ചാർജ്ജുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറെ നോഡൽ ഓഫീസറായും നിയോഗിക്കുകയും മാർഗനിർദേശങ്ങളുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിൽനിന്ന് ലഭിക്കുന്ന വരുമാനം/വരുമാനം പങ്കിടൽ എന്നിവ സംബന്ധിച്ച് കണക്കുകൾ സൂക്ഷിക്കുന്നതിനും അവ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനും ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇറിഗേഷൻ ടൂറിസം പദ്ധതികൾ വ്യാപകമാക്കുന്നതിന്റെ ഭാഗമായി ചങ്ങനാശ്ശേരി മനയ്ക്കച്ചിറ ടൂറിസം

പദ്ധതി പ്രദേശത്തെ പോളകളും അനുബന്ധ തടസ്സങ്ങളും മാറ്റി വിപുലീകരിക്കുന്നതാണെന്നും കരിമ്പുകയം ടൂറിസം പദ്ധതി ഇറിഗേഷൻ ടൂറിസത്തിന്റെ ഭാഗമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

15(*65) വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടക്കുന്നത് തടയാൻ നടപടി

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, വേനൽക്കാലത്ത് വന്യമൃഗങ്ങൾക്ക് ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽതന്നെ സജ്ജീകരിക്കുന്നതിനായി "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" എന്ന പദ്ധതി ആരംഭിച്ചും ഫലവൃക്ഷങ്ങളുടെ വ്യാപനം പ്രോത്സാഹിപ്പിച്ച് തനത് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നടപ്പാക്കിയും വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടക്കുന്നത് തടയാൻ നടപടി സ്വീകരിച്ചതിനുപുറമെ വിവിധ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. 1,583.85 ഹെക്ടർ സ്ഥലത്ത് അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയും അനുയോജ്യ സാഹചര്യങ്ങളിൽ Control

Burning നടത്തി സംരക്ഷിത വനമേഖലകളിൽ പുതിയ പുല്ല് മുളപ്പിച്ചും ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ച് വയനാട് ജില്ലയിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജനം ചെയ്യുന്നതിന് കേരള പേപ്പർ പ്രോഡക്ട്സിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വയനാട്ടിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി 25 കോടി രൂപയുടെ പ്രവൃത്തികൾ വിവിധ ലാൻഡ് സ്കേപ്പുകളിൽ പുരോഗമിച്ചുവരികയാണ്. "മിഷൻ സോളാർ ഫെൻസിങ് 2024" പദ്ധതിപ്രകാരം 848 കി.മീ. സോളാർ ഫെൻസിങ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കിയും 120.37 കി.മീ സോളാർ ഹാംഗിങ് ഫെൻസിങ്, 10 കി.മീ റെയിൽ ഫെൻസിങ്, 0.11 കി.മീ അയൺ ഫെൻസിങ് എന്നിവ നിർമ്മിച്ചും 69.07 കി.മീ ദൈർഘ്യത്തിൽ ആനക്കിടങ്ങ്, 1.92 കി.മീ ദൈർഘ്യത്തിൽ എലിഫന്റ് പ്രൂഫ് വാൾ, 1.58 കി.മീ. ദൈർഘ്യത്തിൽ സ്റ്റോൺ വാൾ, 2.09 കി.മീ. ദൈർഘ്യത്തിൽ ബൗണ്ടറി വാൾ/കയ്യാല എന്നിവ നിർമ്മിച്ചും വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് തടയുന്നുണ്ട്. നബാർഡ് ട്രാഞ്ചെ XXVII-ൽ 101.50 കിലോമീറ്റർ സോളാർ

വേലി നിർമ്മിക്കുന്ന 586.11 ലക്ഷം രൂപയുടേയും ട്രാഞ്ചെ XXIX-ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായുള്ള 6203.02 ലക്ഷം രൂപയുടെയും പ്രവൃത്തികൾ പുരോഗതിയിലാണ്. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പട്രോളിംഗും പരിശോധനയും ശക്തമാക്കുകയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിന് 28 RRT-കളുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുന്നതിനും ജനവാസ മേഖലകളിൽ സൗരോർജ്ജ വിളക്കുകൾ/ഹൈമാസ്റ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനും തെർമൽ സെൻസർ ഡ്രോണുകൾ/AI ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനുമായി കിഫ്ബി മുഖേന 110 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും RRT-കൾക്ക് സുരക്ഷാ ഉപകരണങ്ങൾ സംഭരിക്കൽ, ആയുധം ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം നൽകൽ എന്നീ പ്രവൃത്തികൾക്കുള്ള 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലുമാണ്. കേരളത്തിലെ നാടൻ കുരങ്ങുകളെ കേന്ദ്ര വന്യജീവി (സംരക്ഷണ)

നിയമത്തിന്റെ ഷെഡ്യൂൾ 2-ലേക്ക് മാറ്റുന്നതിന് കേന്ദ്ര സർക്കാരിൽ ശിപാർശ സമർപ്പിച്ചിട്ടുള്ളതും ഇവയുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കിവരികയുമാണ്. ജനവാസമേഖലകളിൽ അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ ഇല്ലായ്മ ചെയ്യുന്നതിനുള്ള സമയപരിധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിക്കുകയും ആയതിനുള്ള ഉത്തരവ് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരെ ഓണററി വൈൽഡ്‌ലൈഫ് വാർഡനായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായും ചുമതലപ്പെടുത്തുകയും ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് 'സർപ്പ' എന്ന മൊബൈൽ ആപ്ലിക്കേഷൻ സജ്ജമാക്കിയിട്ടുള്ളതും പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സേവനം ലഭ്യമാക്കി 2024-ൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതുമാണ്. അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തി ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ കാട്ടിലേക്ക് തിരികെ വിടുകയും ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവ ഉപയോഗപ്പെടുത്തി മനുഷ്യ-വന്യമൃഗ സംഘർഷം

ലഘൂകരിക്കുകയും ഏർളി വാണിംഗ് സിസ്റ്റം, എസ്.എം.എസ് അലർട്ട് സിസ്റ്റം തുടങ്ങിയ സാങ്കേതിക വിദ്യകളുപയോഗിച്ച് വന്യമൃഗ സാന്നിധ്യം തദ്ദേശവാസികളെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുകയും 'നവകിരണം പദ്ധതി' പ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് വനാന്തരങ്ങളിൽനിന്ന് മാറി താമസിക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി സംഘർഷ ബാധിതർക്ക് നൽകുന്ന നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്ന പ്രൊപ്പോസൽ, വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കുന്നതിന് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനും ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ടെന്നും ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിന് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. വന്യജീവി സാന്നിധ്യം തിരിച്ചറിയുന്നതിന് മാനവവിഭവശേഷികൂടി ഉപയോഗപ്പെടുത്തി ഉൾക്കാടുകളിൽ നിരീക്ഷണം നടത്തുന്ന കാര്യം

ആലോചിക്കുന്നതാണെന്നും ബജറ്റിൽ വകയിരുത്തിയ തുകയ്ക്കുപുറമെ നബാർഡ്, കേന്ദ്ര കൃഷി വികാസ് യോജന എന്നിവയുടെ ഫണ്ടുകൾ വിനിയോഗിച്ച് വന്യജീവി ആക്രമണം തടയുന്ന പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുമെന്നും കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.